LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടിക്ക് ചെലവഴിച്ച തുക

8 [8] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിക്കും ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ടും സംസ്ഥാന ഖജനാവിൽനിന്നും വിവിധ ഇനത്തിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ട്; ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) നൂറുദിന കർമ്മ പരിപാടിക്കും ജനസമ്പർക്ക പരിപാടിക്കും പത്ര, ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടിക്കും ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ടും ധനസഹായമായി 108.08 ലക്ഷം രൂപ നൽകി. 21.84 ലക്ഷം രൂപ അതിന്റെ നടത്തിപ്പിനായി ചെലവായി. പരസ്യത്തിനായി 40.72 ലക്ഷം രൂപ ചെലവായി. ഡോക്യുമെന്ററിയുടെ നിർമ്മാണത്തിന് അഞ്ചുലക്ഷം രൂപയും ഒരുമിനിറ്റ് പരസ്യചിത്രം നിർമ്മിച്ചതിന് 8,26,500 രൂപയും ചെലവായിട്ടുണ്ട്.

(ബി) നൂറുദിന കർമ്മ പരിപാടിക്കും ജനസമ്പർക്ക പരിപാടിക്കും പത്ര, ദൃശ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയ ഇനത്തിൽ മൊത്തം 53.99 ലക്ഷം രൂപ ചെലവായി.

സാമൂഹ്യക്ഷേമ പദ്ധതികളും സ്ത്രീകളും

9 [9] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ആനുകൂല്യത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുമ്പോൾ അതിന്റെ മൂന്നിലൊന്ന് ഭാഗമെങ്കിലും സ്ത്രീകളായിരിക്കണം എന്ന നിർദ്ദേശം സംസ്ഥാന ആസൂത്രണ കമ്മീഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനുതകുന്ന എന്തെല്ലാം പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ കമ്മീഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും അതിൻമേൽ ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളെന്തെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും പത്തു ശതമാനം വനിതാ വികസന പരിപാടികൾക്കു നീക്കിവയ്ക്കണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ട്.

തലസ്ഥാന വികസന പദ്ധതി

10 [10] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസന പദ്ധതി ആരംഭിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണ്;

(ബി) ഈ പദ്ധതിപ്രകാരം അനുമതി നൽകിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്;

(സി) ഈ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) തലസ്ഥാന മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ മലിനജല നിർഗ്ഗമന സംവിധാനം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനത്തിനായി മരവിപ്പിച്ചിട്ടിരിക്കുന്ന ഭൂമി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2001-2002 സാമ്പത്തിക വർഷത്തിൽ.

(ബി ആന്റ് സി) ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു. †

(ഡി) തീരപഥം പദ്ധതിയുടെ ഭാഗമായി പാർവതിപുത്തനാർ കനാലും ആക്കുളം കായലും ശുചിയാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മലിനജല നിർമ്മാർജ്ജനത്തിന്വേണ്ടി ദിവസവും 12 മില്യൻ ലിറ്റർ ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആക്കുളത്തും ദിവസവും 117 മില്യൻ ലിറ്റർ ശേഷിയുള്ള ഒരെണ്ണം വലിയതുറയിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ആക്കുളത്ത് സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തിരുവനന്തപുരത്തിന്റെ വടക്കൻ പഞ്ചായത്തുകളുടെയും വലിയതുറ സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തിരുവനന്തപുരത്തിന്റെ തെക്കൻ പഞ്ചായത്തുകളുടെയും സിറ്റിയുടേയും മലിനജല പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയുള്ളതാണ്.

(ഇ) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം III കാണുക

LIBRARY ARCHIVES Kerala Legislative Assembly